പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **5920**

28.10.2011 ൽ മറുപടിയ്ക്ക്

## വാളകം സംഭവത്തിന്റെ അന്വേഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. കെ. ഗുരുദാസൻ<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. രാജു എബ്രഹാം | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) വാളകത്ത് അദ്ധ്യാപകനെ പൈശാചികമായി ആക്രമിച്ച സംഭവത്തിന്റെ അന്വേഷണം സി.ബി.ഐ.യ്ക്ക് വിടണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇക്കാര്യത്തിലുള്ള സമീപനം വെളിപ്പെടുത്താമോ; | (ബി) സർക്കാരിന്റെ പരിശോധനയിലാണ്. |
| (സി) ഇപ്പോൾ അന്വേഷണം സ്വതന്ത്രമായി നടക്കുന്നില്ലെന്ന ആക്ഷേപങ്ങൾക്കിടയാക്കിയ കാര്യങ്ങൾ എന്തൊക്കെയായിരുന്നു ; സംഭവത്തിൻെറ എഫ്.ഐ.ആർ. തയ്യാറാക്കിയത് എപ്പോഴായിരുന്നു ; | (സി) സ്വതന്ത്രമായ അന്വേഷണമാണ് ഇക്കാര്യത്തിൽ നടത്തിയിട്ടുള്ളത്. എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തത് 28.09.2011-നാണ്. |
| (ഡി) ആക്രമിക്കപ്പെട്ട് ആശുപത്രിയിൽ അത്യാസന്ന നിലയിൽ കഴിയുന്ന അദ്ധ്യാപകൻ അന്വേഷണത്തിൽ സഹകരിക്കുന്നില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ടോ ; | (ഡി) ആശുപത്രിയിൽ വച്ച് അദ്ധ്യാപകൻ വ്യത്യസ്തമായ മൊഴികളാണ് നൽകിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിലാണ് സഹകരിക്കുന്നില്ല എന്ന നിഗമനത്തിലെത്തിയത്. |

....2

| | |
|---|---|
| (ഇ) അന്വേഷണത്തിൽ ആരെയെല്ലാം ചോദ്യം ചെയ്യുകയുണ്ടായി ? | (ഇ) ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട കേസ് ഊർജ്ജിതമായി അന്വേഷണം നടത്തുന്ന സാഹചര്യ ത്തിൽ വിവരം അന്വേഷണത്തെ ബാധിക്കുമെന്നതിനാൽ മേൽ വിവരം നൽകാൻ നിർവാഹമില്ല. |

സെക്ഷൻ ഓഫീസർ